# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 524
## (29.11.2018 ലെ മറുപടിക്ക്)

### <u>പള്ളിക്കത്തോട് ട്രഷറിക്ക് പുതിയ കെട്ടിടം</u>

| | ചോദ്യം | മറുപടി |
|---|---|---|
| | ഡോ. എൻ. ജയരാജ്<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പള്ളിക്കത്തോട് ട്രഷറിക്കായി പുതിയ കെട്ടിടം സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ ട്രഷറി വകുപ്പിന്റെ ആവശ്യപ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 26.05.2018-ന് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ളതും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതുമായ ബ്ലോക്ക് നമ്പർ 46-ൽ സർവ്വേ നമ്പർ 135/6-ൽ 06.07 ആർ സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ട്രഷറി കെട്ടിടം പണിയുന്നതിൽ നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ; | പള്ളിക്കത്തോട് സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലംകൈമാറ്റ നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) | കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | പള്ളിക്കത്തോട് സബ്ട്രഷറിക്കായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിട്ടുനൽകാമെന്ന് ഏറ്റിരിക്കുന്ന സ്ഥലം ട്രഷറി വകുപ്പിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ